## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

22.02.2016 ലെ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.273

# കടാശ്വാസ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ.സി.ദിവാകരൻ<br>ശ്രീ.കെ.രാജു<br>ശ്രീ.ഇ.കെ.വിജയൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കടക്കെണിയിൽപ്പെട്ട കർഷകരെ സംരക്ഷിക്കുന്നതിന് നടപ്പാക്കിയ കടാശ്വാസ പദ്ധതി പ്രകാരം തീർപ്പാക്കിയ അപേക്ഷകളിൽ ഇനിയും തുക കൊടുത്തു തീർക്കാനുണ്ടോ : വെളിപ്പെടുത്തുമോ ; | (എ) | സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ ശിപാർശ ചെയ്തതനുസരിച്ച് കടാശ്വാസത്തുക അനുവദിക്കേണ്ട അപേക്ഷകളിൽ ഏകദേശം 18 കോടി രൂപയുള്ളവ അനുവദിക്കുന്നതിന് മുന്നോടിയായുള്ള പരിശോധനകൾ നടന്നുവരികയാണ്. |
| (ബി) | ഈ പദ്ധതിപ്രകാരം അപേക്ഷ നല്കി ധനസഹായത്തിനായി കാത്തിരിക്കുന്നവർ ഇപ്പോൾ എത്രയുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) | സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ മുമ്പാകെ ലഭിച്ചിട്ടുള്ള വ്യക്തിഗത അപേക്ഷകളിൽ 81,134 അപേക്ഷകൾ തീർപ്പാക്കാൻ ബാക്കിയുണ്ട്. |
| (സി) | കടാശ്വാസ പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; | (സി) | 2006-ലെ കേരള കടാശ്വാസ കമ്മീഷൻ ആക്ട് പ്രകാരം രൂപീകരിച്ച സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ മുമ്പാകെ ലഭിച്ചിട്ടുള്ള വ്യക്തിഗത അപേക്ഷകൾ പരിശോധിച്ച ശേഷം കമ്മീഷൻ ശിപാർശ ചെയ്യുന്നതനുസരിച്ചാണ് കടാശ്വാസം അനുവദിക്കുന്നത്. ആക്ട് നിലവിൽ വന്ന തീയതിയായ 18.01.2007 നോ അതിനു മുമ്പോ കർഷകരിൽ നിന്ന് സഹകരണ സംഘങ്ങൾക്കോ ലൈസൻസ് പ്രകാരമോ അല്ലാതെയോ പണം കടം കൊടുക്കലിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾക്കോ ലഭിക്കാനുള്ള ബാദ്ധ്യതകൾക്കാണ് കമ്മീഷൻ കടാശ്വാസം ശിപാർശ ചെയ്യുന്നത്. വയനാട് ജില്ലയിലെ കാർഷിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ജില്ലയിലെ കർഷകരുടെ 31-10-2011 വരെയുള്ള കടങ്ങൾ കൂടി കമ്മീഷന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്.<br><br>കാർഷികാനുബന്ധവാണിജ്യാവശ്യങ്ങൾക്കൊഴികെയുള്ള വാണിജ്യാവശ്യങ്ങൾക്കോ ആഡംബരത്തിനോ വേണ്ടി വാങ്ങിയ കടങ്ങൾ കടാശ്വാസത്തിനായി പരിഗണിക്കുന്നതല്ല.<br><br>4 ഹെക്ടറിൽ കവിയാത്ത കൃഷിഭൂമി കൈവശമുള്ള വാർഷിക വരുമാനം 2 ലക്ഷം രൂപയിൽ കവിയാത്ത, കൃഷി പ്രധാന ഉപജീവനമാർഗ്ഗമായി |

സ്വീകരിച്ചിട്ടുള്ളവർക്കാണ് കടാശ്വാസത്തിന് അർഹതയുള്ളത്.

| | | | |
|---|---|---|---|
| (ഡി) | ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഈ പദ്ധതിക്കായി അനുവദിച്ച തുകയുടെ വിശദാംശം വെളിപ്പെടുത്തുമോ ? | (ഡി) | ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കടാശ്വാസവിതരണത്തിനായി 79,26,37,899/- രൂപ കർഷകരുടെ വ്യക്തിഗത അപേക്ഷകളിൽ കമ്മീഷൻ ശിപാർശ ചെയ്ത പ്രകാരം അനുവദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**